## ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 06.12.2024**

## പ്രധാനവാർത്തകൾ

1). ഭരണ-പ്രതിപക്ഷ പ്രതിഷേധങ്ങളെത്തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

2) സംസ്ഥാനത്തെ ദേശീയപാത വികസനം സംബന്ധിച്ച് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി.

3) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് യൂണിറ്റിന് 16 പൈസ വർധിപ്പിച്ചു. നിരക്ക് വർധന ഇന്നലെ മുതൽ പ്രാബല്യത്തിൽ.

4) വയനാട് ദുരന്തത്തിൽ കേരളത്തിൻറെ നിവേദനം പരിശോധിച്ച് ഉചിതമായ കേന്ദ്രസഹായം ഉറപ്പുവരുത്തുമെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ.

5) ദേശീയ ക്ഷയരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് സംസ്ഥാനത്ത് നാളെ തുടക്കം.

6) അണ്ടർ-19 ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റ് സെമിയിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യയ്ക്ക് ഏഴ് വിക്കറ്റ് ജയം.

*****************************************

RNUTVPM

**<u>പാർലമെൻറ്</u>**

ഭരണ-പ്രതിപക്ഷ പ്രതിഷേധങ്ങളെത്തുടർന്ന് പാർലമെൻറിൻറെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. രാജ്യസഭയിൽ പ്രതിപക്ഷ എംപി അഭിഷേക് മനു സിംഗ്വിയുടെ സീറ്റിന് സമീപം കറൻസി നോട്ടുകെട്ട് കണ്ടെടുത്തതുമായി ബന്ധപ്പെട്ടായിരുന്നു ഭരണപക്ഷ എംപിമാരുടെ പ്രതിഷേധം. സംഭവത്തിൽ അന്വേഷണം പുരോഗമിക്കുന്നതായി രാജ്യസഭാധ്യക്ഷൻ ജഗ്ദീപ് ധൻകർ അറിയിച്ചു. സഭയുടെ അന്തസ്സിനെ ഹനിക്കുന്ന സംഭവമാണിതെന്ന് പാർലമെൻററികാര്യ മന്ത്രി കിരൺ റിജിജു പ്രതികരിച്ചു. അന്വേഷണത്തെ പ്രതിപക്ഷ നേതാവ് മല്ലികാർജുൻ ഖർഗേ സ്വാഗതം ചെയ്തു. ലോക്സഭയിൽ സഭാനടപടികൾ ആരംഭിച്ചപ്പോൾ മുതൽ പ്രതിപക്ഷം വിവിധ വിഷയങ്ങളിൽ പ്രതിഷേധം ആരംഭിച്ചു. കോൺഗ്രസ് നേതാക്കൾക്കെതിരായ ആരോപണം ബിജെപി എംപി നിഷികാന്ത് ദുബേ വീണ്ടും ആവർത്തിച്ചത് പ്രതിപക്ഷത്തെ കൂടുതൽ പ്രകോപിപ്പിച്ചു. 12 മണി വരെ നിർത്തി വച്ച സമ്മേളനം വീണ്ടും ആരംഭിച്ചെങ്കിലും ബഹളം തുടരുന്ന സാഹചര്യത്തിൽ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

RNU TVPM

**************************************

**<u>മുഖ്യമന്ത്രി - കൂടിക്കാഴ്ച ഇൻട്രോ</u>**

സംസ്ഥാനത്തെ ദേശീയപാത വികസനം സംബന്ധിച്ച് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. വളരെ അനുകൂലമായ സമീപനമാണ് കേന്ദ്രമന്ത്രിയിൽ നിന്നും ഉണ്ടായതെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ് അറിയിച്ചു.

**(ഹോൾഡ്..........)**

2025 ഡിസംബറോടെ കാസർഗോഡ് നിന്നും തിരുവനന്തപുരം വരെ 45 മീറ്റർ വീതിയിൽ ദേശീയ പാത 66 യാഥാർത്ഥ്യമാകുമെന്നും ശ്രീ

മുഹമ്മദ് റിയാസ് ന്യൂഡൽഹിയിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

****************************************

**<u>വൈദ്യുതി നിരക്ക്</u>**

സംസ്ഥാനത്ത് വൈദ്യുതി നിരക്ക് യൂണിറ്റിന് 16 പൈസ വർധിപ്പിച്ചു. നിരക്ക് വർധന ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു. അടുത്ത സാമ്പത്തിക വർഷം യൂണിറ്റിന് 12 പൈസ കൂടി വർധിപ്പിക്കും. പ്രതിമാസം 40 യൂണിറ്റ് ഉപഭോഗവും, 1000 വാട്ട് കണക്ടഡ് ലോഡുമുള്ള ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് താരിഫ് വർദ്ധനയില്ല. വൈദ്യുതി നിരക്ക് വർധിപ്പിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു.

****************************************

**<u>വയനാട് - അമിത് ഷാ</u>**

വയനാട് ദുരന്തത്തിൽ സംസ്ഥാനം വിശദമായ നിവേദനം നൽകിയത് മൂന്നര മാസങ്ങൾക്ക് ശേഷമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. സംസ്ഥാനത്തിൻറെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ കേന്ദ്രസഹായം ഉറപ്പുവരുത്തുമെന്നും കേരളത്തിൽ നിന്നുള്ള എം.പി മാർക്ക് നൽകിയ മറുപടിയിൽ അദ്ദേഹം വ്യക്തമാക്കി. വയനാട് പാക്കേജുമായി ബന്ധപ്പെട്ട് എംപിമാർ ഇന്നലെ ശ്രീ അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു.

****************************************

**<u>ക്ഷയരോഗമുക്ത കേരളം</u>**

ദേശീയ ക്ഷയരോഗ നിവാരണ പദ്ധതിയുടെ ഭാഗമായ നൂറുദിന തീവ്രയജ്ഞ പരിപാടിയ്ക്ക് കേന്ദ്ര ആരോഗ്യ മന്ത്രി ജെപി നഡ്ഡ നാളെ ഹരിയാനയിൽ തുടക്കം കുറിക്കും. രാജ്യത്തെ 347 ജില്ലകളിലാണ്

PNU TVPM

ക്യാമ്പെയിൻ സംഘടിപ്പിക്കുന്നത്. ആരോഗ്യ വകുപ്പ് സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന നൂറുദിന തീവ്രയജ്ഞ പരിപാടിയുടെ ഉദ്ഘാടനം ആരോഗ്യമന്ത്രി വീണാ ജോർജ് നാളെ പത്തനംതിട്ടയിൽ നിർവഹിക്കും. ഗൃഹ സന്ദർശനത്തിലൂടെയും, ക്യാമ്പുകൾ നടത്തിയും പരമാവധി ക്ഷയ രോഗികളെ കണ്ടെത്തി ചികിത്സിക്കാനാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്.

****************************************

**<u>റിസർവ് ബാങ്ക്</u>**

അടിസ്ഥാന ബാങ്കിങ് നിരക്കുകളിൽ തുടർച്ചയായ 11-ാം തവണയും മാറ്റം വരുത്താതെ റിസർവ് ബാങ്ക്. റിപ്പോ നിരക്ക് 6.5% ആയി തുടരും. ഈ സാമ്പത്തിക വർഷത്തിൽ 6.6 ശതമാനം ജി.ഡി.പി വളർച്ച പ്രതീക്ഷിക്കുന്നതായും, ദ്വൈമാസ ധനനയം പ്രഖ്യാപിച്ചുകൊണ്ട് ആർ.ബി.ഐ ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു.

****************************************

**<u>ജെ ചിഞ്ചുറാണി</u>**

മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മന്ത്രി ജെ. ചിഞ്ചുറാണി കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി അൽക്ക ഉപാദ്ധ്യായയുമായി കൂടിക്കാഴ്ച നടത്തി. കേരളത്തിലെ പക്ഷിപ്പനി നിയന്ത്രണ നടപടികൾ നേരിട്ട് വിലയിരുത്തി നിർദേശങ്ങൾ നൽകുന്നതിനായി സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംഘം പക്ഷിപ്പനി ബാധിത പ്രദേശങ്ങൾ സന്ദർശിക്കണമെന്ന ആവശ്യം മന്ത്രി കൂടിക്കാഴ്ചയിൽ മുന്നോട്ടു വച്ചു. എറണാകുളം മരടിൽ സ്ഥിതി ചെയ്യുന്ന മറൈൻ അഗ്രികൾച്ചറൽ ലാബിനെ ഉന്നത നിലവാരത്തിൽ

RNU TVPM

എത്തിക്കുന്നതിന് ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

****************************************

**നിർമിതബുദ്ധി ആർ ബിന്ദു - (ഇൻട്രോ)**

ഉന്നത വിദ്യാഭ്യാസ രംഗത്ത് നിർമ്മിതബുദ്ധി തുറന്നിടുന്ന സാധ്യതകൾ ചർച്ച ചെയ്യുന്നതിനുള്ള സംസ്ഥാനത്തെ ആദ്യ അന്താരാഷ്ട്ര കോൺക്ലേവിൻറെ രണ്ടാം പതിപ്പ് ഈ മാസം 8, 9, 10 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുമെന്ന് മന്ത്രി ആർ ബിന്ദു. നിർമ്മിതബുദ്ധിയുടെ ശക്തി വിവിധ മേഖലകളിൽ എങ്ങനെ പ്രയോജനപ്പെടുത്താമെന്നത് സംബന്ധിച്ച് കോൺക്ലേവ് ചർച്ച ചെയ്യും

**(ഹോൾഡ്.......................)**

ഉന്നതവിദ്യാഭ്യാസ വകുപ്പിൻറെ ആഭിമുഖ്യത്തിൽ ഐ.എച്ച്.ആർ ഡിയാണ് അന്താരാഷ്ട്ര നിർമ്മിതബുദ്ധി കോൺക്ലേവ് സംഘടിപ്പിക്കുന്നത്.

****************************************

**പോസ്റ്റൽ ഡിപ്പാർട്ട്മെൻറ്- ഇടുക്കി**

പോസ്റ്റൽ ഡിപ്പാർട്ട്മെൻറിൻറെ കീഴിൽ തൊടുപുഴയിൽ പ്രവർത്തിക്കുന്ന സോർട്ടിംഗ് ഓഫീസ് നില നിർത്താൻ കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻറെ ഇടപെടലിനെ തുടർന്ന് തീരുമാനം. രാജ്യത്ത് നടപ്പാക്കാൻ പോകുന്ന രജിസ്റ്റേർഡ്, സ്പീഡ് പോസ്റ്റ് ഓഫീസുകളുടെ ലയനത്തെ തുടർന്നാണ് തൊടുപുഴ ഉൾപ്പെടെ കേരളത്തിലെ 12 സോർട്ടിംഗ് ഓഫീസുകൾ അടച്ചു പൂട്ടാൻ തീരുമാനിച്ചത്. ഇതിൽ തൊടുപുഴ, തിരൂർ, കാസർഗോട് ഓഫീസുകൾ നില നിർത്താനാണ് ഇപ്പോൾ തീരുമാനമായത്.

****************************************

RIJU TVPM

**<u>സിദ്ദിഖിന് ജാമ്യം</u>**

ബലാൽസംഗ കേസിൽ നടൻ സിദ്ദിഖിന് ജാമ്യം. കേരളം വിടാൻ പാടില്ല തുടങ്ങിയ ഉപാധികളോടെയാണ് തിരുവനന്തപുരം ജില്ലാ മജിസ്ട്രേട്ട് കോടതി ജാമ്യം അനുവദിച്ചത്. അന്വേഷണ സംഘത്തിന് മുന്നിൽ രാവിലെ ഹാജരായ സിദ്ദിഖിനെ അറസ്റ്റ് രേഖപ്പെടുത്തി കോടതിയിൽ ഹാജരാക്കുകയായിരുന്നു.

****************************************

**<u>ബസ് അപകടം - മരണം</u>**

തിരുവനന്തപുരം കിഴക്കേക്കോട്ടയിൽ രണ്ട് ബസിനിടയിൽപ്പെട്ട് ഒരാൾ മരിച്ചു. കേരള ബാങ്കിലെ ജീവനക്കാരൻ ഉല്ലാസ് ആണ് മരിച്ചത്. റോഡ് മുറിച്ചു കടക്കുന്നതിനിടെയാണ് അപകടം. പോലീസ് വാഹനത്തിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

****************************************

**<u>കോഴിക്കോട് - കാർ അപകടം</u>**

കോഴിക്കോട് വടകരയിൽ ഒമ്പത് വയസ്സ്കാരിയെ ഇടിച്ചിട്ട ശേഷം നിർത്താതെ പോയ കാർ മാസങ്ങൾക്ക് ശേഷം കണ്ടെത്തി. പുറമേരി സ്വദേശിയുടെ ഉടമസ്ഥതയിലുള്ള കാറാണ് അപകടത്തിന് പിന്നിൽ . കാർ ഓടിച്ചിരുന്നയാൾ വിദേശത്താണ്. അപകടത്തിൽ ഗുരുതര പരുക്കേറ്റ കുട്ടി ഒൻപത് മാസങ്ങളായി ചികിൽസയിലാണ്.

****************************************

**<u>ആകാശവാണി നിലയം</u>**

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ചുള്ള പ്രതിമാസ പ്രഭാഷണ പരമ്പര മറ്റന്നാൾ ആലപ്പുഴ തലവടി ബാലസുബ്രഹ്മണ്യ സ്വാമി ക്ഷേത്ര ഓഡിറ്റോറിയത്തിൽ നടക്കും. തോമസ് കെ തോമസ് എം.എൽ.എ

RNU TVPM

ഉദ്ഘാടനം നിർവ്വഹിക്കും. കുട്ടനാടിൻറെ ചരിത്രവും വർത്തമാനവും എന്ന വിഷയത്തിൽ പ്രശസ്ത ചരിത്രകാരൻ എം.ജി ശശിഭൂഷൺ പ്രഭാഷണം നടത്തും. മധുപാൽ, ഫ്രാൻസിസ് നൊറോണ, ഗിരിജ സേതുനാഥ്, സലിൻ മാങ്കുഴി തുടങ്ങിയ ശ്രദ്ധേയ കഥാകൃത്തുക്കൾ പങ്കെടുക്കുന്ന കഥയരങ്ങും ഇതോടനുബന്ധിച്ച് നടക്കും.

****************************************

**ക്രിക്കറ്റ്**

ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൻറെ ആദ്യ ഇന്നിങ്സിൽ ഇന്ത്യ 180 ന് പുറത്ത്. മറുപടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയ ഒന്നാം ദിനം മത്സരം അവസാനിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ നിലവിൽ ഇന്ത്യ 1-0 ന് മുന്നിലാണ്.

****************************************

**അണ്ടർ - 19 ഏഷ്യാകപ്പ്**

അണ്ടർ-19 ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റ് സെമിയിൽ ശ്രീലങ്കയ്ക്കെതിരെ ഇന്ത്യക്ക് ഏഴ് വിക്കറ്റ് ജയം. 21.4 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിലാണ് ഇന്ത്യ വിജയലക്ഷ്യം മറികടന്നത്. ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ശ്രീലങ്ക 46.2 ഓവറിൽ 173 റൺസിന് പുറത്താവുകയായിരുന്നു.

****************************************

**ഐ.എസ്.എൽ**

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ്.സി, മൊഹമ്മദൻ എസ്.സി യെ നേരിടും. രാത്രി 7.30 ന് ന്യൂഡൽഹിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

****************************************

RNU TVPM

**ഓഹരി + സ്വർണ്ണം**

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. ബോംബെ ഓഹരി സൂചിക സെൻസെക്സ് 57 പോയിൻറ് കുറഞ്ഞ് 81,709- ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 31 പോയിൻറ് താഴ്ന്ന് 24,678-ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്. സ്വർണവില കുറഞ്ഞു . പവന് 200 രൂപ കുറഞ്ഞ് 56,920 രൂപയും ഗ്രാമിന് 7,115 രൂപയുമാണ് വില .

**************************************

**ശബരിമല**

ശബരിമല സന്നിധാനത്ത് തീർത്ഥാടകരുടെ വൻ തിരക്ക്. 53,000 ലേറെ തീർഥാടകരാണ് ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിവരെ ദർശനം നടത്തിയത്. സുഗമമായ തീർത്ഥാടനം ഉറപ്പുവരുത്തുന്നതിനായി പോലീസിൻറെ മൂന്നാമത്തെ ബാച്ച് സന്നിധാനത്ത് ഇന്ന് ചുമതലയേറ്റു.

RNU TVPM

**************************************

**കെ.എസ്.ഇ.ബി - സുരക്ഷ**

വൈദ്യുതി വിതരണ മേഖലയിൽ ജോലി ചെയ്യുന്നവരുടെ സുരക്ഷ ഉറപ്പാക്കാനുള്ള നിർണായക ചുവടുവയ്പുമായി കെ.എസ്.ഇ.ബി. ആദ്യ ഘട്ടമായി 2,500-ഓളം ജീവനക്കാർക്ക് 12 ദിവസം നീളുന്ന 90 മണിക്കൂർ സുരക്ഷാ പരിശീലനം ലഭ്യമാക്കും. കെ.എസ്.ഇ.ബി ചെയർമാൻ ബിജു പ്രഭാകറും, കേന്ദ്ര പവർ സെക്ടർ സ്കിൽ കൗൺസിൽ സി.ഇ.ഒ. വി.കെ. സിംഗും തമ്മിൽ ഇത് സംബന്ധിച്ച ധാരണാപത്രം ഒപ്പിട്ടു.

**************************************

**ജി.ആർ അനിൽ**

മുൻഗണനാ റേഷൻകാർഡ് ഗുണഭോക്താക്കൾക്കായി തിരുവനന്തപുരം ജില്ലാ സപ്ലൈ ഓഫീസിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ മസ്റ്ററിങ് ക്യാംപുകൾ സംഘടിപ്പിച്ചു . കുടപ്പനക്കുന്ന് ഫ്രീമെൻസ് ക്ലബിൽ സംഘടിപ്പിച്ച മസ്റ്ററിങ് ക്യാമ്പ് മന്ത്രി ജി.ആർ അനിൽ സന്ദർശിച്ചു. വിരലടയാളം പതിയാത്തവർക്ക് ക്യാമ്പുകളിലെത്തി ഫേസ് ആപ്പ്, ഐറിസ് സ്കാനർ എന്നിവ മുഖേന അപ്ഡേഷൻ ചെയ്യാവുന്നതാണെന്നും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

****************************************
****************************************
*****************